ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 01.09.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ബിഷ്കെക്കിൽ നടക്കുന്ന ഷാങ്ഹായ് സഹകരണ സംഘടനയുടെ 26-ാമത് ഉച്ചകോടി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് അഭിസംബോധന ചെയ്യും. ഉച്ചകോടിയുടെ പശ്ചാത്തലത്തിൽ റഷ്യൻ പ്രസിഡന്റുമായി പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തി.

   **Prime Minister Narendra Modi will address the 26th Shanghai Cooperation Organisation Summit in Bishkek today. On the sidelines of the summit, the Prime Minister held a meeting with the Russian President.**

2. നാലാമത് ഇന്തോ-ജർമ്മൻ പരിസ്ഥിതി ഫോറം ഇന്ന് ന്യൂഡൽഹിയിൽ ചേരും. പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം എന്നിവ പ്രധാന ചർച്ചാ വിഷയം.

   **The 4th Indo-German Environmental Forum will be held in New Delhi today. Environment and climate change are the key topics of discussion.**

3. രണ്ടാഴ്ചത്തെ സ്വച്ഛത പ്രചാരണ യജ്ഞത്തിന് ഇന്ന് രാജ്യത്തുടനീളം തുടക്കമാകും.

   **The two-week-long cleanliness drive – Swachhata Pakhwada will begin across the country today.**

4. നടപ്പ് സാമ്പത്തിക വർഷത്തെ ആദ്യ പാദത്തിൽ മൊത്ത ആഭ്യന്തര ഉത്പാദനം 7.8 ശതമാനം വളർച്ച കൈവരിച്ചതായി കേന്ദ്ര സർക്കാർ.

**India's GDP jumps to 7.8 per cent in first quarter of current fiscal, despite global headwinds.**

5. മുല്ലപ്പെരിയാർ അണക്കെട്ടിൽ സുപ്രീം കോടതി നിർദേശപ്രകാരമുള്ള സമഗ്ര സുരക്ഷാ പരിശോധന ഇന്ന്.

   **A comprehensive safety inspection of the Mullaperiyar Dam, as directed by the Supreme Court, will take place today.**

6. ഫുട്ബോൾ ഇതിഹാസം ലയണൽ മെസ്സി രാജ്യാന്തര മത്സരങ്ങളിൽ നിന്ന് വിരമിച്ചു.

   **Lionel Messi announces retirement from international football.**

************************************

## PM-SCO

ഷാങ്ഹായ് സഹകരണ സംഘടനയുടെ 26-ാമത് ഉച്ചകോടിയെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് അഭിസംബോധന ചെയ്യും. സംഘടനയുടെ 25-ാം വാർഷികത്തോട് അനുബന്ധിച്ച് കിർഗിസ്ഥാൻ തലസ്ഥാനമായ ബിഷ്കെക്കിൽ നടക്കുന്ന ഉച്ചകോടിയിൽ സുരക്ഷ, കണക്റ്റിവിറ്റി, പുതിയ അവസരങ്ങൾ എന്നിവ അടിസ്ഥാനമാക്കിയുള്ള ഇന്ത്യയുടെ മുൻഗണനകൾ പ്രധാനമന്ത്രി വ്യക്തമാക്കും. സന്ദർശനത്തിന്റെ ആദ്യദിനമായ ഇന്നലെ, പ്രധാനമന്ത്രി റഷ്യ, ഇറാൻ, കിർഗിസ് റിപ്പബ്ലിക്, അർമേനിയ എന്നീ രാജ്യങ്ങളിലെ നേതാക്കളുമായി ഉഭയകക്ഷി ചർച്ചകൾ നടത്തി. ബിഷ്കെക്കിൽ നടന്ന ആറാമത് ലോക നൊമാഡ് ഗെയിംസിന്റെ ഔദ്യോഗിക ഉദ്ഘാടനച്ചടങ്ങിലും അദ്ദേഹം പങ്കെടുത്തു.

************************************

## PM - UKRAINE (INTRO)

ബിഷ്കെക്കിൽ നടക്കുന്ന എസ്.സി.ഒ ഉച്ചകോടിയുടെ പശ്ചാത്തലത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി റഷ്യൻ പ്രസിഡന്റ് വ്ലാഡിമിർ പുടിനുമായി കൂടിക്കാഴ്ച നടത്തി. വ്യാപാരം, ഊർജ്ജം, പ്രതിരോധം എന്നീ മേഖലകളിലെ സഹകരണം ചർച്ചയായി. യുക്രെയ്ൻ സംഘർഷം സമാധാനപരമായി പരിഹരിക്കണമെന്നും അനന്തമായ യുദ്ധങ്ങളിൽ നിന്ന് സമാധാനത്തിലേക്ക് നാം നീങ്ങണമെന്നും ശ്രീ നരേന്ദ്ര മോദി വ്യക്തമാക്കി.

(വോയ്സ്)

ഇന്ത്യയിൽ നടക്കാനിരിക്കുന്ന ബ്രിക്സ് ഉച്ചകോടിയിലേക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി റഷ്യൻ പ്രസിഡൻറിനെ ക്ഷണിച്ചു.

***********************************

## INDIA – G20 FINANCE MIN. MEET

അമേരിക്കയിലെ ആഷ്‌വില്ലിൽ നടക്കുന്ന G20 ധനമന്ത്രിമാരുടെയും സെൻട്രൽ ബാങ്ക് ഗവർണർമാരുടെയും യോഗത്തിൽ കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ ഇന്ന് പങ്കെടുക്കും. അമേരിക്കയുടെ G20 അധ്യക്ഷതയിൽ നടക്കുന്ന ഈ യോഗം ആഗോള സാമ്പത്തിക വളർച്ച, സാമ്പത്തിക സ്ഥിരത, വർധിച്ചുവരുന്ന കടബാധ്യത, വ്യാപാരം, നിക്ഷേപം, അന്താരാഷ്ട്ര സാമ്പത്തിക വ്യവസ്ഥയിലെ പരിഷ്കാരങ്ങൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കും. വ്യാപാര-നിക്ഷേപ സഹകരണത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി ശ്രീമതി നിർമ്മല സീതാരാമൻ, യുകെ ചാൻസലർ ജോൺ ഹീലിയുമായി കൂടിക്കാഴ്ച നടത്തി.

***********************************

## GDP Q1 2026-27

2026-27 സാമ്പത്തിക വർഷത്തിലെ ആദ്യ പാദത്തിൽ ഇന്ത്യയുടെ മൊത്ത ആഭ്യന്തര ഉത്പാദനം 7.8 ശതമാനം വളർച്ച കൈവരിച്ചതായി കേന്ദ്ര സർക്കാർ. കഴിഞ്ഞ സാമ്പത്തിക വർഷം ഇതേ കാലയളവിൽ 6.9 ശതമാനം വളർച്ചയായിരുന്നു രേഖപ്പെടുത്തിയത്. ആഗോള സാമ്പത്തിക വെല്ലുവിളികളുടെ പശ്ചാത്തലത്തിലും ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ ശക്തമായ വളർച്ചാ വേഗം നിലനിർത്തിയതായി ജി.ഡി.പി കണക്കുകൾ പുറത്തുവിട്ടുകൊണ്ട് സ്റ്റാറ്റിസ്റ്റിക്സ് മന്ത്രാലയം അറിയിച്ചു.

***********************************

## INDIA- GERMAN FORUM

നാലാമത് ഇന്തോ-ജർമ്മൻ പരിസ്ഥിതി ഫോറം ഇന്ന് ന്യൂഡൽഹിയിൽ ചേരും. കേന്ദ്ര പരിസ്ഥിതിമന്ത്രി ഭൂപേന്ദർ യാദവും ജർമ്മൻ പരിസ്ഥിതി മന്ത്രിയും സംയുക്ത അധ്യക്ഷത വഹിക്കും. പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം എന്നീ വിഷയങ്ങളിൽ ഉഭയകക്ഷി സഹകരണം ശക്തിപ്പെടുത്തുന്നത് ലക്ഷ്യമിട്ടാണ് പരിസ്ഥിതി ഫോറം സംഘടിപ്പിക്കുന്നത്.

***********************************

## SC ACID ATTACK

ആസിഡിന്റെ ചില്ലറ വിൽപ്പനയിലെ നിയന്ത്രണങ്ങൾ സംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ മറുപടി തേടി സുപ്രീം കോടതി. ആസിഡിന്റെ ചില്ലറ വിൽപ്പന നിയന്ത്രിക്കുന്നതിന് 2013-ൽ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടും അവ എളുപ്പത്തിൽ ലഭ്യമാകുന്നതിനെച്ചൊല്ലിയുള്ള ആശങ്കകൾക്കിടയിലാണ് കോടതിയുടെ ഈ നിർദ്ദേശം. ആസിഡ്

ആക്രമണത്തിന് ഇരയായവർക്ക് ഉചിതമായ പുനരധിവാസ നടപടികൾ ആറ് ആഴ്ചയ്ക്കുള്ളിൽ രൂപീകരിക്കാൻ കേന്ദ്രസർക്കാരിനോടും എല്ലാ സംസ്ഥാനങ്ങളോടും കേന്ദ്രഭരണ പ്രദേശങ്ങളോടും സുപ്രീം കോടതി നിർദ്ദേശിച്ചു .

************************************

## MANIPUR- CENSUS

മണിപ്പൂരിലെ സെൻസസ് നടപടികൾ മാറ്റിവെക്കാൻ സർക്കാർ തീരുമാനിച്ചു. മണിപ്പൂരിലെ നിലവിലെ സാഹചര്യം വിലയിരുത്തുന്നതിന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ അധ്യക്ഷതയിൽ ന്യൂഡൽഹിയിൽ ചേർന്ന ഉന്നതതല അവലോകന യോഗത്തിന് ശേഷമാണ് തീരുമാനം. മണിപ്പൂർ ഗവർണർ അജയ് കുമാർ ഭല്ല, മുഖ്യമന്ത്രി യുമ്നം ഖേംചന്ദ് സിംഗ്, കേന്ദ്ര ആഭ്യന്തര സെക്രട്ടറി ഗോവിന്ദ് മോഹൻ, എന്നിവർ യോഗത്തിൽ പങ്കെടുത്തു. ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നത് വരെ സെൻസസ് നടപടികൾ നിർത്തിവെക്കണമെന്ന് മണിപ്പൂർ ഹൈക്കോടതിയും നിർദ്ദേശം നൽകിയിരുന്നു.

************************************

## Bihar and Jharkhand

സോൺ നദിയിലെ ജലം പങ്കുവെക്കുന്നത് സംബന്ധിച്ച് ബിഹാറും ഝാർഖണ്ഡും ന്യൂഡൽഹിയിൽ ധാരണാപത്രത്തിൽ ഒപ്പുവെച്ചു. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ, ഝാർഖണ്ഡ് മുഖ്യമന്ത്രി ഹേമന്ത് സോറൻ, ബിഹാർ ഉപമുഖ്യമന്ത്രി സാമ്രാട്ട് ചൗധരി, ജൽ ശക്തി മന്ത്രി സി.ആർ. പാട്ടീൽ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു. കിഴക്കൻ ഇന്ത്യയിൽ ദീർഘകാലമായി നിലനിന്നിരുന്ന ജലതർക്കത്തിന് ബിഹാറും ഝാർഖണ്ഡും തമ്മിലുള്ള ഈ കരാറിലൂടെ പരിഹാരമായതായി ശ്രീ.അമിത് ഷാ പറഞ്ഞു.

************************************

## Nutrition Week

ദേശീയ പോഷകാഹാര വാരത്തിന് തുടക്കമായി. സമീകൃത ആഹാരത്തിന്റെയും ആരോഗ്യകരമായ ഭക്ഷണശീലങ്ങളുടെയും പ്രാധാന്യത്തെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം വളർത്തുന്നതിനാണ് സെപ്റ്റംബർ ഒന്ന് മുതൽ 7 വരെ 'ദേശീയ പോഷകാഹാര വാരം' ആചരിക്കുന്നത്. വാരാചരണത്തിന്റെ ഭാഗമായി രാജ്യമെമ്പാടും വിവിധ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കും.

************************************

## NEPAL

നേപ്പാളിലുണ്ടായ മിന്നൽ പ്രളയത്തിൽ മരിച്ചവരുടെ എണ്ണം 939 ആയി. 4,200 പേരെയാണ് ഇനിയും കണ്ടെത്താനുള്ളത്. ആറു ജലവൈദ്യുത

പദ്ധതികളിലായി ആയിരത്തോളം തൊഴിലാളികൾ കുടുങ്ങി ക്കിടക്കുന്നതായിറിപ്പോർട്ടുണ്ട്. ഇവരെ രക്ഷപ്പെടുത്താനുള്ള ശ്രമങ്ങൾ ഊർജിതമായി തുടരുകയാണ്.

**********************************

## MULLAPPERIYAR

മുല്ലപ്പെരിയാർ അണക്കെട്ടിൽ സുപ്രീം കോടതി നിർദേശപ്രകാരമുള്ള സമഗ്ര സുരക്ഷാ പരിശോധന ഇന്ന് നടക്കും. ബൽരാജ് ജോഷി ചെയർമാനായ അഞ്ചംഗ സമിതിയാണ് നേരിട്ടെത്തി പരിശോധന നടത്തുന്നത്. മൂന്ന് ദിവസം കുമളിയിൽ തങ്ങുന്ന സംഘം പരിശോധനയ്ക്ക് ശേഷം കേരളം - തമിഴ്നാട് പ്രതിനിധികളെ ഉൾപ്പെടുത്തി യോഗം ചേരും. തുടർന്ന് ഈ മാസാവസാനം ദില്ലിയിൽ ഉന്നതതല യോഗവും നടക്കും.

**********************************

## GOVERNOR – SPORTS DAY PROGRAMME

ദേശീയ കായിക ദിനവുമായി ബന്ധപ്പെട്ട് ഇന്ന് കേരള സർവകലാശാല സംഘടിപ്പിക്കുന്ന "Ek Ghanta Khel ke Maidan Mein" പരിപാടിയുടെ ഉദ്ഘാടനം ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ നിർവ്വഹിക്കും. മന്ത്രിമാരായ റോജി എം. ജോൺ, ഒ. ജെ. ജനീഷ്, ഒളിമ്പ്യൻ പി. ആർ. ശ്രീജേഷ് എന്നിവർ മുഖ്യാതിഥികളാകും. കേരളത്തിന്റെ അഭിമാനമായ കായികതാരങ്ങളെ പരിപാടിയിൽ ആദരിക്കും.

**********************************

## NIT

കാലിക്കറ്റ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ 66-ാമത് സ്ഥാപകദിനാഘോഷം ഇന്ന് നടക്കും. മുഖ്യമന്ത്രി വി. ഡി. സതീശൻ ചടങ്ങിൽ മുഖ്യാതിഥിയാകും. എൻ.ഐ.ടി കാലിക്കറ്റ് ഡയറക്ടർ പ്രസാദ് കൃഷ്ണ അധ്യക്ഷത വഹിക്കും.

**********************************

## MESSI RETIREMENT (INTRO)

ഫുട്ബോൾ ഇതിഹാസം ലയണൽ മെസ്സി രാജ്യാന്തര മത്സരങ്ങളിൽ നിന്ന് വിരമിച്ചു. ലോകകപ്പിൽ സ്പെയിനിനെതിരായ തോൽവിയും, പിതാവിൻറെ വിയോഗവുമാണ് കളിക്കളം വിടാനുള്ള തീരുമാനത്തിലേക്ക് നയിച്ചതെന്ന് മെസ്സി വ്യക്തമാക്കി. 2022-ൽ അർജന്റീനയ്ക്ക് ലോകകപ്പ് കിരീടം സമ്മാനിച്ച മെസ്സി, രണ്ട് കോപ്പ അമേരിക്ക കിരീടങ്ങളിലേക്കും ടീമിനെ നയിച്ചു.

**ആകാശവാണി പ്രതിനിധി സുരേഷ് ബാബു തയ്യാറാക്കിയ റിപ്പോർട്ട് ... (വോയ്സ്)**

**********************************

## FERTILIZERS- SWACHHATA PAKHWADA

രണ്ടാഴ്ച നീളുന്ന സ്വച്ഛത പഖ്വാഡയ്ക്ക് ഇന്ന് രാജ്യമെമ്പാടും തുടക്കമാകും. കേന്ദ്രമന്ത്രി ജെ പി നഡ്ഡ ഉദ്ഘാടനം ചെയ്യും. തൊഴിലിടങ്ങളിൽ ശുചിത്വം ഉറപ്പാക്കുക, പരിസ്ഥിതി സംരക്ഷണം പ്രോത്സാഹിപ്പിക്കുക, തൊഴിൽ സംസ്കാരത്തിൽ ഗുണപരമായ മാറ്റങ്ങൾ കൊണ്ടുവരിക എന്നിവയാണ് പ്രചാരണത്തിൻറെ ലക്ഷ്യം. ഭരണപരമായ കാര്യക്ഷമതയും സുതാര്യതയും വർദ്ധിപ്പിക്കുന്നതിനും ഇ-ഫയലിംഗ് സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും, ഭൗതിക - ഡിജിറ്റൽ ശുചിത്വത്തിനൊപ്പം രേഖകളുടെ പരിപാലനത്തിനും ഇത്തവണ പ്രത്യേക മുൻഗണന നൽകുന്നുണ്ട്.

***********************************

## CLEANLINESS PROGRAME

തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ സംഘടിപ്പിക്കുന്ന മെഗാ ശുചീകരണ യജ്ഞം മേയർ വി.വി. രാജേഷ് ഇന്ന് ഉദ്ഘാടനം ചെയ്യും. റസിഡൻ്റ്സ് അസോസിയേഷനുകൾ, പൊതുജനങ്ങൾ, നഗരസഭയുടെ നൂറോളം ജീവനക്കാർ തുടങ്ങിയവരെ കോർത്തിണക്കിയാണ് ശുചീകരണ യജ്ഞം..

***********************************

## KOZHIKODE ABOOBAKER

സംഗീത സംവിധായകനും തബലിസ്റ്റുമായ കോഴിക്കോട് അബൂബക്കർ അന്തരിച്ചു. 80 വയസ്സായിരുന്നു. അരീക്കാട്ടെ ഉള്ളിശ്ശേരിക്കുന്നിലെ വീട്ടിലായിരുന്നു അന്ത്യം. തന്റെ സ്വതസിദ്ധമായ ഈണങ്ങളിലൂടെ സംഗീതലോകത്തിന് മൂവായിരത്തിലധികം അനശ്വരഗാനങ്ങൾ സമ്മാനിച്ച കലാകാരനാണ് കോഴിക്കോട് അബൂബക്കർ.

***********************************

## RAMACHANDRAN NAIR

ഹിന്ദി സാഹിത്യകാരനും വിവർത്തകനുമായ ഡോ. ജെ രാമചന്ദ്രൻ നായർ അന്തരിച്ചു. 79 വയസ്സായിരുന്നു. സംസ്കാരം ഇന്ന് രാവിലെ 11.30 ന് എറണാകുളം രവിപുരം ശ്മശാനത്തിൽ നടക്കും. കേന്ദ്ര സർക്കാരിൻ്റെ വിവിധ വകുപ്പുകളിൽ ഉപദേശക സമിതി അംഗം, ദക്ഷിണ ഭാരത ഹിന്ദി പ്രചാരസഭയുടെ ഭരണസമിതി അംഗം തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

***********************************

## JAL SHAKTI- SUMMIT

ജൽ ശക്തി മന്ത്രാലയത്തിന്റെ രണ്ടു ദിവസത്തെ വകുപ്പ് തല ഉച്ചകോടി ഇന്ന് ന്യൂഡൽഹിയിൽ ആരംഭിക്കും. ജല അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ സമയബന്ധിതമായ നടപ്പാക്കൽ, ജന പങ്കാളിത്തത്തോടെയുള്ള ജലസംഭരണം, കുടിവെള്ള സ്രോതസ്സുകളുടെ സുസ്ഥിരത, 'ജൽ ജീവൻ മിഷൻ 2.0'-ക്ക് കീഴിലുള്ള ഗ്രാമീണ കുടിവെള്ള വിതരണ പദ്ധതികളുടെ നടത്തിപ്പും പരിപാലനവും എന്നിങ്ങനെ പ്രധാന വിഷയങ്ങൾ ഉച്ചകോടിയിൽ ചർച്ച ചെയ്യും.

*************************************************************************************************************************
*